(ഡി) എസ്. എ. ഐ. നൽകുന്ന ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നു എന്നു ഉറപ്പു വരുത്താൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൗകര്യങ്ങളും കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്നുള്ള സൗകര്യങ്ങളും കൂടുതൽ മെച്ചപ്പെടുത്താനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്.

(സി) 1985-86 വർഷത്തിൽ ജി. വി. രാജാ സ്പോർട്സ് സ്കൂളിന് 5 ലക്ഷം രൂപ ഗ്രാന്റായി നൽകുകയുണ്ടായി.

(ഡി) ശ്രദ്ധിക്കുന്നതാണ്.

പേരാമ്പ ഹൈസ്കൂളിനു സ്റ്റേഡിയം

1643. [2467] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ ഹൈസ്കൂളിനു ഒരു സ്റ്റേഡിയം നിർമ്മിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കാര്യത്തിന് എന്തെങ്കിലും നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) സ്റ്റേഡിയത്തിന്റെ ആവശ്യമുള്ളതായി അറിയാം. എന്നാൽ വ്യവസ്ഥയനുസരിച്ച് സ്പോർട്ട്സ് കൗൺസിലിനു അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

II. ശ്രദ്ധക്ഷണിക്കൽ

(1) കോഴിക്കോട് കോർപ്പറേഷനിലും പരിസര പ്രദേശങ്ങളിലും അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : സർ, കോഴിക്കോട് നഗരത്തിലേയും സമീപപ്രദേശങ്ങളിലേയും ജനങ്ങൾ ഗുരുതരമായ ജലക്ഷാമം 9.30 a.m. മൂലം കഠിനമായി ബുദ്ധിമുട്ടുകയാണ്. പത്തു സ്കയർ മൈൽ വിസ്തീർണ്ണമുണ്ടായിരുന്ന കോഴിക്കോട് ടൗണിൽ 1934-ൽ വെള്ളക്കരം പിരിച്ച് സ്വരൂപിച്ച പണംകൊണ്ട് സ്ഥാപിച്ച പത്തുലക്ഷം ഗ്യാലൻ വിതരണ ശേഷിയുള്ള ഒരു വാട്ടർ സപ്ലൈ സ്കീം മാത്രമാണ് പ്രവർത്തനത്തിലുണ്ടായിരുന്നത്. 1962-ൽ കോഴിക്കോട് കോർപ്പറേഷൻ നിലവിൽ വന്നതിനുശേഷം കൗൺസിൽ തയ്യാറാക്കിയ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അഞ്ചുകോടി രൂപ എൽ. ഐ. സി. യിൽ നിന്ന് കടമെടുത്ത് പുതിയ പദ്ധതി നടപ്പിലാക്കിയത്. ചാലിയാർ പുഴയിൽ കൂളിമാട് എന്ന സ്ഥലത്താണ് പമ്പിംഗ് സ്റ്റേഷൻ. പലപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly